ശക്തി എന്റർപ്രൈസസ് അവതരിപ്പിക്കുന്ന

# നാടൻപ്രേമം

കഥ: S.K.പൊറ്റെക്കാട്ട്

സംഭാഷണം: തോപ്പിൽ ഭാസി

സംവിധാനം: മണി







GEO
RELEASE

83

IMPRESS

Southern

ശ്രീ ശക്തി എന്റർപ്രൈസസ്സ് അവതരിപ്പിക്കുന്ന

# നാടൻ പ്രേമം

| | |
|---|---|
| കഥ: | എസ്. കെ. പൊററക്കാട്ട് |
| തിരക്കഥ–സംഭാഷണം: | തോപ്പിൽ ഭാസി |
| ഗാനങ്ങൾ: | പി. ഭാസ്ക്കരൻ |
| സംഗീതം: | ദക്ഷിണാമൂർത്തി |
| പാടിയവർ: | യേശുദാസ്, ജയചന്ദ്രൻ, സുശീല, മാധുരി |
| കലാസംവിധാനം: | എസ്. കൊന്നനാട്ട് |
| നൃത്തസംവിധാനം: | ഈ. മാധവൻ |
| ചിത്രസംയോജനം: | ചക്രപാണി |
| വസ്ത്രാലങ്കാരം: | കുമാർ |
| മേയ്ക്കപ്പ്: | ബോസ് |
| ഛായാഗ്രഹണം: | പി. രാമസ്വാമി |
| സ്റ്റുഡിയോ: | വിക്രം |
| നിർമ്മാണം: | എൻ. വിശ്വേശ്വരയ്യാ<br>പി. എസ്. ഗോപാലകൃഷ്ണൻ |
| സംവിധാനം: | മണി |

**വിതരണം:- ജിയോ പിക്ചേഴ്സ്**

## താരങ്ങൾ

മധു, ഷീല, ഉമ്മർ, ഭാസി, ബഹദൂർ, എസ്. പി., ശങ്കരാടി, ടി. ആർ. ഓമന, etc.

# നാടൻപ്രേമം

**കഥാസംഗ്രഹം;-**

കോഴിക്കോടിനടുത്തുള്ള ഒരു മനോഹര ഗ്രാമമാണ്, മുക്കം. അദ്ധ്വാനശീലരായ കർഷകർ തിങ്ങിപ്പാർക്കുന്ന ആ നാട്ടിൻപുറത്തെ ഒരു കൃഷീവലൻെറ അനന്തരവളാണ് സുന്ദരിയും സുശീലയുമായ ''മാളു''. ബാല്യത്തിലെ മാതാപിതാക്കൾ മരിച്ച അവൾ മാതുലൻെറ സംരക്ഷണത്തിൽ ജീവിക്കുന്നു.

ഗ്രാമവാസികൾക്കെല്ലാം ഉപകാരിയായൊരു ചെറുപ്പക്കാരനാണ് ''ഇക്കോരൻ''— ആർക്കെന്തുസഹായവും ചെയ്യുക ജീവിതവ്രതമായംഗീകരിച്ചു ജീവിക്കുന്ന ഇക്കോരനെ ആ ഗ്രാമവാസികൾ ആബാലവൃദ്ധം ജാതിമത ഭേദമെന്യേ സ്നേഹിക്കുന്നു- ഇക്കോരൻ അവരേയും.

അവിടുത്തെ വലിയൊരു റബ്ബർത്തോട്ടമുടമയുടെ പുത്രനായ ''രവീന്ദ്രൻ'' അജ്ഞാതവാസത്തിനായി കോഴിക്കോട്ടുനിന്നു് ആ നാട്ടിൻപുറത്തു വന്നു് എസ്റ്റേറ്റുബംഗ്ളാവിൽ താമസമാക്കുന്നു. അയാൾക്കു് പാലുകൊടുക്കുന്നതു് മാളുവിൻെറ വീട്ടുകാരായിരുന്നു. ഒരുദിവസം പാലുമായി ചെന്ന മാളുവിനെ കണ്ട രവീന്ദ്രൻെറ ഹൃദയം ആ നാടൻപെണ്ണിൽ ലയിച്ചുപോയി. സുന്ദരനും സുമുഖനുമായ രവീന്ദ്രനെ കണ്ടപ്പോൾ മുതൽ മാളുവിൻെറ ഉള്ളിലും പുതിയൊരനുഭൂതി.

എന്തിനു്? അവർ തമ്മിൽ അടുക്കുന്നതിനും ആ അടുപ്പം അവളിൽ പരിശുദ്ധാനുരാഗത്തിൻെറ ശാശ്വതമുദ്രയായി തീരുന്നതിനും ദിവസങ്ങളധികം വേണ്ടിവന്നില്ല.

മാളുവിനെയല്ലാതെ മററാരേയും താൻ ഈ ജന്മം വിവാഹം ചെയ്യില്ലെന്ന രവീന്ദ്രൻെറ ഉറപ്പിൽ വിശ്വസിച്ചു് അവൾ തൻെറ സർവ്വസ്വവും അവനു കാഴ്ചവച്ചു. ആ ബന്ധത്തിൻെറ ശാശ്വതമായൊരു സ്മാരകം അവളുടെ ഉദരത്തിലുയരാൻ തുടങ്ങിയപ്പോൾ ആ അജ്ഞാതവാസത്തിനു് വിരാമമിട്ടുകൊണ്ടു് അവൻ സ്ഥലം വിട്ടു. മടങ്ങിവന്നു് അവളെ വിവാഹംചെയ്തു കൂട്ടിക്കൊണ്ടു പൊയ്ക്കൊള്ളാമെന്നു് ഉറപ്പും നൽകി.

പക്ഷെ? നാളേറെ ചെന്നിട്ടും രവീന്ദ്രൻ മടങ്ങിവന്നില്ല. മാളു ദുഃഖിതയും നിരാശയുമായിത്തീർന്നു. ഒരുദിവസം രവീന്ദ്രൻെറ പരിചാരകനായിരുന്ന ''ചന്ദനേ''യും കൂട്ടിക്കൊണ്ടു് അവൾ കോഴിക്കോട്ടെത്തി! പക്ഷെ? ഉപരിപഠനാർത്ഥം രവീന്ദ്രൻ അപ്പോഴേയ്ക്കും അമേരിക്കയിലെത്തിക്കഴിഞ്ഞിരുന്നു.

അവിടംമുതലവൾ തികച്ചും മൂകയായി ജീവിച്ചുവന്നു. തൻെറ ഉദരത്തിലെ രഹസ്യം പരസ്യമാകുമെന്നു ഭയന്ന മാളു ജീവിതാശ നശിച്ചു് ഒരു രാത്രി പുഴയിൽ ചാടി മരിക്കുവാനൊരു ശ്രമം നടത്തി. അവളുടെ ഓരോ ചലനങ്ങളും വീക്ഷിച്ചുകൊണ്ടിരുന്ന ഇക്കോരൻ ഉഗ്രമായ വെള്ളപ്പൊക്കത്തേയും ശക്തമായ ഒഴുക്കിനേയും തൃണവൽഗണിച്ചുകൊണ്ടവളുടെപിന്നാലെ ചാടി അവളെ രക്ഷപ്പെടുത്തി. അവൾക്കു് ജീവിതാശ നൽകിക്കൊണ്ടു് ഇക്കോരൻ, അന്നുതന്നെ അവളേയും കൂട്ടിക്കൊണ്ടു് ആ നാടിനോടന്ത്യയാത്രയും പറഞ്ഞിറങ്ങിത്തിരിച്ചു; അകലെയുള്ള മറെറാരു ഗ്രാമത്തിലേക്കു്–

അവിടെവച്ച മാള ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ഇക്കോരൻെറ സംരക്ഷണയിൽ തള്ളയും കുഞ്ഞും സുഖത്തിലും സംതൃപ്തിയിലും അവിടെ കഴിഞ്ഞുകൂടുകയാണ്,

മാളുവിൻെറ കുഞ്ഞു വളർന്നു. ഇക്കോരൻ അവനെ സ്വന്തം കുഞ്ഞിനെപ്പോലോമനിച്ചു വളർത്തി. ആ നാട്ടുകാരെല്ലാം അവർ ഭാര്യാഭർത്താക്കന്മാരാണെന്നു് വിശ്വസിച്ചു. പക്ഷേ? രാത്രിയിൽ തൻെറ കിടക്കയുമെടുത്തുകൊണ്ടു് ഇക്കോരൻ കുടിലിൻെറ ചെററയുമടച്ചു വരാന്തയിലോ മുററത്തോ കിടന്നുറങ്ങുമെന്നതായിരുന്നു പരമാർത്ഥം.

ഇക്കോരൻെറ ആ നിഷ്ക്കളങ്കസ്നേഹത്തിനു മുന്നിൽ മാള എല്ലാവേദനകളും മറന്നു് ഉല്ലാസവതിയായി കഴിഞ്ഞുകൂടി. ഒരുനാൾ മാളുവിൻെറ അയൽവാസിയായ "കലന്തൻ" ആ ഗ്രാമത്തിൽ വരുകയും യാദൃശ്ചികമായി ഇക്കോരനെ കാണുകയും ഇക്കോരൻെറ ക്ഷണമനുസരിച്ചു് ആ കുടിലിലെത്തുകയും ചെയ്യുന്നു.

കലന്തനിൽനിന്നും ഒരു ദാരുണവാർത്തയവരറിയുന്നു. നാലഞ്ചുമാസങ്ങൾക്കു മുമ്പു നാടാകെ പടന്ന വസൂരി രോഗത്തിൽ പെട്ടു മാളുവിൻെറ അമ്മാവനും അമ്മാവിയും മരിച്ചുപോയി എന്ന വാർത്ത.

അനാഥമായ ആ വീടും പുരയിടവും ഉടയയോനില്ലാതെ നശിച്ചുപോകാതെ മാളുവും ഇക്കോരനും വന്നവിടെ താമസിക്കണമെന്നും കലന്തനാവശ്യപ്പെടുന്നു. അങ്ങിനെ വീണ്ടും അവർ മുക്കത്തെത്തി അവിടെ സംതൃപ്തിയിലും സമാധാനത്തിലും ജീവിച്ചു വരവേ–

സമീപത്തുള്ള ഒരു യൂറോപ്യൻെറ എസ്റ്റേററുകഠം വിലയ്ക്കുവാങ്ങുവാനുള്ള ഏർപ്പാടിനായി രവീന്ദ്രൻ ഭാര്യയായ ''പത്മിനി''യുമായവിടെയെത്തുന്നു. മാളുവിൻെറ കുടില് കണ്ടപ്പോഠം രവീന്ദ്രനിൽ പൂർവ്വകാല സ്മരണകളുണർന്നു. മാളുവിനോടു ചെയ്തവഞ്ചന അവൻെറ ഹൃത്തടത്തിൽ വേദന സൃഷ്ടിച്ചു.

ആ ദുഃഖത്തിൽ മുഴുകി നിൽക്കവേ ആ മുററത്തൊരു കുഞ്ഞു നിൽക്കുന്നതു കണ്ടപ്പോഠം അവനിലെ പിതൃത്വമുണന്നു. വിവാഹിതനായിട്ടും ഒരു കുഞ്ഞിക്കാല്യ കാണുവാൻ ഭാഗ്യമില്ലാതായ ആ നിർഭാഗ്യൻ രണ്ടു കൈകളും നീട്ടിക്കൊണ്ടാ കുഞ്ഞിൻെറയടുത്തേക്കു നീങ്ങി. കുഞ്ഞോടി അകത്തു കയറി അമ്മയെ വിളിച്ചു. അമ്മ പുറത്തേക്കിറങ്ങിവന്നപ്പോഠം ? ? ?

അതേ രവീന്ദ്രനും മാളുവും വീണ്ടും കണ്ടുമുട്ടി........? തുടർന്നുള്ള ഹൃദയസ്പർശിയായ ഭാഗങ്ങഠം വെള്ളിത്തിരയിൽ കാണുക.

# നാടൻ പ്രേമം—പാട്ടുകൾ

1

(പാടിയതു്–യേശുദാസ്)

ചെപ്പും പന്തും നിരത്തി–മാനത്തെ
ചെപ്പടിവിദ്യക്കാരൻ
ചെപ്പുകൊട്ടുണ്ണിയെ ജാലംകാട്ടുന്ന
ചെപ്പടിവിദ്യക്കാരൻ.... (ചെപ്പുംപന്തും)

കല്ലെടുത്തു തി മാണിക്യമാക്കുന്ന
കൺകെട്ടുവിദ്യക്കാരാ–എൻെറ
കൺമണിക്കുട്ടൻെറ കാതുകുത്തുമ്പോൾ
കല്ലുകടുക്കൻ കൊണ്ടത്തരാമോ. (ചെപ്പുംപന്തും)

ചെപ്പിലരിപ്പൊടി കൈതപ്പൂകണ്ണാടി
ചെപ്പുകൊട്ടുണ്ണീ ചെപ്പുകൊട്ടു്
അപ്പാട്ടെ കുട്ടിക്കു ചോറൂണാകുമ്പോൾ
അപ്പംവേണം അരിയുണ്ടവേണം.

(ചെപ്പുംപന്തും)

നീലമുകിലിനെ പീലിക്കെട്ടാക്കി
ജാലംകാട്ടുന്ന വീരാ
കൺകെട്ടുകാരാ വായോ–താഴത്തെ
തങ്കക്കുടത്തിനു മു ത്തം കൊടുക്കാൻ

(ചെപ്പുംപന്തും)

2

(പാടിയതു്–ജയചന്ദ്രൻ)

ഉണ്ടനെന്നൊരു രാജാവിന്നു്
ഉണ്ടിയെന്നൊരു രാജ്ഞി

കണ്ടാവണ്ടിയിൽക്കേറി
പണ്ടവർ കാട്ടിൽപോയി
(ഉണ്ടനെന്നൊരു)

കോടാലികൊണ്ടവർ കൊത്തി
കൊള്ളിയും ചുള്ളിയും വെട്ടി
ഇല്ലിക്കഴലിന്റെ ഉള്ളിൽ കുറെ
വെള്ളിപ്പണം കണ്ടഞെട്ടി
(ഉണ്ടനെന്നൊരു)

വാരാനുണ്ടി തുനിഞ്ഞു
അതുവാരാതെ ഉണ്ടൻപറഞ്ഞു
ആരാനും വെച്ചൊരുവെള്ളി
വെറും ആളേക്കൊല്ലിയെന്നോതി
(ഉണ്ടനെന്നൊരു)

കണ്ടോ സൂത്രമെന്നോതി—
വെള്ളിനാണയംകണ്ട മലച്ചു
നാലുപേരാവഴിവന്നു—
വെള്ളിനാണയംകണ്ട മലച്ചു
കൂട്ടുകാർ നാണ്യങ്ങൾ വാരി
അപ്പോക്കൂട്ടതലാരിസ്റ്റോ പോയി
വാക്കേററം മൂത്തവർ തമ്മിൽ
കൊട്ടംവാളാൽ വെട്ടിമരിച്ചു—
ഹ....ഹ....ഹ....(ഉണ്ടനെന്നൊരു)

3

(പാടിയതു്—സുശീല)

കന്നിനിലാവിന്നലെയൊരു
കമ്മലുവച്ചുമറന്നേപ്പോയ്

അല്ലിക്കളങ്ങരെ വെള്ളിക്കളങ്ങരെ
ആകാശത്തെ പൂക്കളങ്ങരെ....
(കന്നിനിലാ)

നീലമുകിലുകരം കണ്ടില്ല
താമരവല്ലിക്കടിലിൽ വെച്ചവർ
ചേലയുടുത്തപ്പോ കണ്ടില്ല....
(കന്നിനിലാ)

കമ്മലുകട്ടവളാരാണ്
ഞാനല്ലകട്ടതു മറ്റൊരുത്തി
പത്തുവെളുപ്പിന്ന പാരിലെത്തിയ
കറുകറുത്തൊരു പെണ്ണാണ്....
(കന്നിനിലാ)

മാണിക്യം കൊണ്ടുള്ളകല്ലാണ്
മുടറുമുഴുത്തുള്ള പൊന്നാണ്

കാറേറ കാറേറ കന്നിക്കാറേറ്
കള്ളിയെവെക്കം പിടിച്ചാട്ടെ....
(കന്നിനിലാ)

4

(പാടിയത്-ഈശ്വരി)

മയങ്ങാത്തരാവുകളിൽ
മാനസമണിയറയിൽ
മുളിപ്പാട്ടും പാടിവരുന്നൊരു
നീലത്താമര മലരമ്പൻ (മയങ്ങാത്ത....)

ചുണ്ടനെങ്ങും നേരത്ത്
ചുമ്മാകിങ്ങിണി താളമിട്ടും
(ചുണ്ടനെങ്ങും നേരത്ത്)

പാട്ടിൻ ലഹരിയിലാടും ഞാനൊരു
പാരിജാതച്ചെടിപോലെ
(മയങ്ങാത്ത....)

പൗർണ്ണമിതൻ കിണ്ണത്തിൽ
പതയും മധുനീട്ടിയിടും—ആ—
(പൌർണ്ണമി....)

പാതിരാപ്പൂമലർ മഞ്ചരിയായ്
പാരിൽ ചിലങ്കകെട്ടിയിടും
(മയങ്ങാത്ത....)

5

(പാടിയതു്—യേശുദാസ്)

പാരിൽ സ്നേഹം ശാശ്വതമെന്നായ്
പാവങ്ങൾ കവികൾ പാടി—വെറും
പാവങ്ങൾ കവികൾ പാടി

മഞ്ഞുതുള്ളിയെ മാറോടണച്ചിട്ടും
സുന്ദരകിരണങ്ങൾ ചൊല്ലും
ഇനിയൊരുനാളും പിരിയുകയില്ല നാം
ഇതുവെറും നാടകമന്ത്രം
ചന്ദനവനങ്ങളിലന്തിയുറങ്ങും
ചന്ദ്രികതന്നുടെ കാതിൽ... (ചന്ദനവന....)

നിന്നെ ഞാൻ സഖീ പിരിയില്ലെന്നായ്
തെന്നൽകാപട്യം ചൊല്ലും
തെന്നൽകാപട്യം ചൊല്ലും
(പാരിൽ സ്നേഹം —)

മലരിതൾ കൊഴിയും മധുപൻ പിരിയും
മലരണിക്കാടുകൾ കരിയും.... (മലരിതൾ)
മഴവില്ലൊളിതൻ പിറകിൽ വരുന്നതു്
മാരിയും കാററും മാത്രം....

ഗാനം 6

(പാടിയതു്–യേശുദാസ്)

പഞ്ചാരകുന്നിനെപ്പാവാടചാർത്തുന്ന
പഞ്ചമിപ്പാലൊളിപ്പൂനിലാവേ
കൂട്ടിലുറങ്ങുമെൻ കുഞ്ഞാററക്കിളിക്കൊരു
കുറിമാനം കൊണ്ടക്കൊടുത്തുവായോ

(പഞ്ചാരകുന്നിനെ)

കലഹിച്ചുകൂട്ടിലിരിക്കും കിളിയോടീയനുരാഗ
കഥചെന്നുപറഞ്ഞുവായോ
ജാലകമറനീക്കി മററാരും കാണാതെ
താമരമാല കൊടുത്തുവായോ...

(പഞ്ചാരകുന്നിനെ)

വാസന്തവെണ്ണിലാവേ നീയൊന്നുമറിയില്ലല്ലോ
പാടുമെൻ മനസ്സിൻ വിരഹം
നനയുന്നകണ്ണോടെ നീയൊട്ടുകണ്ടില്ല
പ്രണയാദ്ര ഹൃദയത്തിൻ സ്വപ്നം.


വരുന്നു!
രാജൻ പ്രൊഡക്ഷൻസിന്റെ
പ്രഥമ മലയാള ചിത്രം
വയലാർ - ദേവരാജൻ - ശശികുമാർ ടീം
നിർമ്മാണം: R.S.രാജൻ